# ഉജ്വല ദൃശ്യാനുഭവത്തിന് ലോയ്ഡ് ടിവികൾ



കൊച്ചിയിൽ ലോയ്ഡിന്റെ പുതിയ യുഎൽഇഡി ടെലിവിഷൻ പ്രകാശനത്തിനു നടൻ മോഹൻലാലിനെ വേദിയിലേക്കു ക്ഷണിക്കുന്ന ഹാവെൽസ് ഇന്ത്യ സിഎംഡി അനിൽ റായ് ഗുപ്ത. ലോയ്ഡ് സിഇഒ ശശി അറോറ സമീപം. ചിത്രം: മനോരമ

> ഹാവൽസിന് ഏറ്റവും പ്രധാനപ്പെട്ട വിപണിയാണു കേരളം. കമ്പനിയുടെ ആകെ വിൽപനയുടെ 30 ശതമാനത്തോളം ദക്ഷിണേന്ത്യയിലാണു നടക്കുന്നത്. ബ്രാൻഡുകളെക്കുറിച്ചു കൃത്യമായ അവബോധമുള്ള, വിദ്യാഭ്യാസമുള്ള ആളുകളാണു കേരളത്തിലുള്ളത്. ഗുണനിലവാരത്തിൽ മലയാളികൾ വിട്ടുവീഴ്ച ചെയ്യാറില്ല. ലോയിഡിന്റെ യുഎൽഇഡി ടിവി കേരളത്തിൽ അവതരിപ്പിക്കാനുള്ള കാരണമിതാണ്. നിലവിൽ 500 കോടിയുടെ ബിസിനസ് ഹാവൽസിനു കേരളത്തിലുണ്ട്. വരുന്ന രണ്ടു വർഷത്തിനുള്ളിൽ ഇത് 1,000 കോടിയായി ഉയർത്തുകയാണു ലക്ഷ്യം.
>
> **അനിൽ റായ് ഗുപ്ത, ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, ഹാവൽസ് ഇന്ത്യ ലിമിറ്റഡ്**

**കൊച്ചി** • ലോകോത്തര ദൃശ്യാനുഭവം നൽകുന്ന 4കെ യുഎൽഇഡി ടിവി ശ്രേണിയുമായി ലോയ്ഡ്. നിറങ്ങൾക്ക് കൂടുതൽ ആഴം നൽകുന്നതാണു പുതിയ സാങ്കേതികവിദ്യ. ഹാവൽസ് ഇന്ത്യ ലിമിറ്റഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ അനിൽ റായ് ഗുപ്ത, ലോയ്ഡ് സിഇഒ ശശി അറോറ, നടൻ മോഹൻലാൽ എന്നിവർ ചേർന്നു പുതിയ ടെലിവിഷൻ ശ്രേണി അവതരിപ്പിച്ചു.

ലോക്കൽ ഡിമ്മിങ് സാങ്കേതികവിദ്യയാണ് യുഎൽഇഡി ടെലിവിഷനിൽ ഉപയോഗിച്ചിരിക്കുന്നത്. എച്ച്ഡിആർഐയും ബാക്ക് ലൈറ്റ് കൺട്രോൾ സാങ്കേതികവിദ്യയും ഇതിൽ സജീവമാകുന്നതിനാൽ കൂടുതൽ മിഴിവാർന്ന ചിത്രങ്ങൾ ലഭിക്കും.

55, 65 ഇഞ്ച് ടിവികളാണ് അവതരിപ്പിച്ചത്. അൾട്രാ ഫ്ലൂയിഡ് ലിനക്സ് അധിഷ്ഠിത പ്ലാറ്റ്ഫോമാണ് ടിവിയിൽ ഉപയോഗിച്ചിരിക്കുന്നത്. 200 ൽ അധികം ആപ്പുകൾ ഒറ്റ ടച്ചിൽ സ്ക്രീനിലെത്തും.

ഫാസ്റ്റ് ബൂട്ടിങ്ങാണു മറ്റൊരു പ്രത്യേകത. 55 ഇഞ്ചിന് 1,70,000 രൂപയും 65 ഇഞ്ച് ടിവിക്ക് 2,40,000 രൂപയുമാണു വില.

ഓണത്തോടനുബന്ധിച്ചു ടിവി വാങ്ങുമ്പോൾ സ്ക്രാച്ച് ആൻഡ് വിൻ കൂപ്പണിലൂടെ ലക്ഷക്കണക്കിനു രൂപയുടെ സമ്മാനങ്ങൾ നേടാനും അവസരമുണ്ടെന്നു ലോയ്ഡ് സിഇഒ ശശി അറോറ പറഞ്ഞു.